(ബി) എങ്കിൽ ആർക്ക് എന്തെല്ലാം വ്യവസ്ഥയിലാണ് കൊടുത്തിട്ടുള്ളത് ;

(സി) പാതിരാമണൽ സ്വകാര്യമേഖലയിലുള്ളവർക്ക് നൽകുന്നത് സംബന്ധിച്ച പ്രശ്നം ആദ്യമായി ഉയർന്നുവന്നത് ഏത് മന്ത്രിസഭയുടെ കാലത്താണ് ;

(ഡി) ആ കാലത്ത് ഈ പ്രശ്നം സംബന്ധിച്ച നടപടി ഏത് ഘട്ടം വരെ എത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) പാതിരാമണൽ ദ്വീപ് സ്വകാര്യമേഖലയ്ക്ക് നൽകുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. എന്നാൽ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ടി സ്ഥലം കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ സബ്സിഡിയറിയായ ടൂറിസ്റ്റ് റിസോർട്ട്സ് കേരളയും ഒബ്റോയ് ഗ്രൂപ്പും ചേർന്നുള്ള സംയുക്ത സംരംഭമായ ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് എന്ന കമ്പനിക്ക് റിസോർട്ട് ഡവലപ്പ്മെന്റിനായി നൽകാൻ തീരുമാനിച്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നെങ്കിലും തുടർനടപടികൾ പൂർത്തിയായിട്ടില്ല.

അവശ ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ

28 (*460) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അവശ ക്രൈസ്തവരുടെ ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവശ ക്രൈസ്തവർക്ക് ഉദ്യോഗനിയമനം, വിദ്യാഭ്യാസം ഇവയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ജനവിഭാഗത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോഴുള്ളത് എന്ന് അറിയിക്കാമോ ;

(ഡി) അവശ ക്രൈസ്തവരുടെ സംഖ്യ പരിഗണിക്കാത്തതിനാൽ അംഗീകൃത പട്ടികജാതി കോളനികളിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിവെള്ളം, പാർപ്പിടം, വൈദ്യുതീകരണം തുടങ്ങിയ ക്ഷേമപദ്ധതികൾ പട്ടികജാതി സങ്കേതങ്ങളിൽ നടപ്പിലാക്കുമ്പോൾ സമാന പശ്ചാത്തലമുള്ള അവശ ക്രൈസ്തവർക്കുകൂടി പ്രസ്തുത ആനുകൂല്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) കാനേഷുമാരിയിൽ പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഉദ്യോഗ സംവരണത്തിന് പരിവർത്തിത ക്രൈസ്തവരെ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൻപ്രകാരം ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി ഇവരെ ഒ.ഇ.സി. വിഭാഗത്തിൽപ്പെടുത്തി പട്ടികജാതിക്കാർക്ക് അനുവദിയ്ക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നു.

(സി) ഈ വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതി ലക്ഷ്യമാക്കി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതികളും കൃഷിഭൂമി വായ്പാ പദ്ധതി, ഭവന നിർമ്മാണ വായ്പാ പദ്ധതി, വിദേശ വായ്പാ പദ്ധതി, ഭവന നവീകരണ വായ്പാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതി തുടങ്ങിയ ധനസഹായ പദ്ധതികളും വായ്പാ പദ്ധതികളിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഭരണഘടനാപരമായി എസ്.സി.പി./റ്റി.എസ്.പി. ഫണ്ടുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. പരിവർത്തിത ക്രൈസ്തവർക്ക് ജനറൽ ഫണ്ടുപയോഗിച്ച് ക്ഷേമപദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോഡ്ഷെഡ്ഡിംഗ്

1(2278) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡിംഗ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര സമയം ലോഡ്ഷെഡിംഗ് ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന അര മണിക്കൂർ ലോഡ്ഷെഡിംഗ് ഒരു മണിക്കൂറായി ഉയർത്തിയത് എന്നാണ് എന്നറിയിക്കാമോ ; എന്നു മുതൽ ഇത് പിൻവലിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) അര മണിക്കൂർ ഒരു മണിക്കൂറായി ഉയർത്തിയതിന്റെ ഫലമായി എത്ര യൂണിറ്റ് വൈദ്യുതി മിച്ചം ഉണ്ടായി എന്ന് കണക്കായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly